(ബി, സി) ഈ കമ്പനികൾ സർക്കാരിന് അധിക ബാദ്ധ്യതകൾ ഒന്നും ഉണ്ടാക്കാതെ ലാഭകരമാക്കാനുള്ള എല്ലാ സാദ്ധ്യതകളും പഠനവിധേയമാക്കിയതിനു ശേഷമാണ് ഇ. ആർ. സി. പുനരുദ്ധാരണ പദ്ധതികൾ തയ്യാറാക്കിയത്. വിശദമായ പരിശോധനയ്ക്കു ശേഷമാണ് ഇ. ആർ. സി. ശുപാർശകൾ സർക്കാർ അംഗീകരിച്ചത്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനു വേണ്ടി മുൻസർക്കാർ ചെലവഴിച്ച തുക

7 [3412] ശ്രീ. വി. ബാലറാം:
„ കെ. മോഹൻകുമാർ:
„ വി. ഡി. സതീശൻ:
„ ടി. എൻ. പ്രതാപൻ:
„ തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനു വേണ്ടി എന്തുതുക ചെലവഴിച്ചു;

(ബി) ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനു വേണ്ടി യാണ് ഈ തുക വിനിയോഗിച്ചത്;

(സി) ഇപ്പോൾ പ്രസ്തുത സ്ഥാപനങ്ങൾ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.‡

അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

8 [3413] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ചിലവ അടച്ചു പൂട്ടുന്നതിനും മറ്റു ചിലവയെ സ്വകാര്യ പങ്കാളിത്തത്തോടെ പുനരുദ്ധരിക്കുന്നതിനും ഇ. ആർ. സി. ശുപാർശപ്രകാരം സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

---

† അനുബന്ധം II കാണുക.
‡ അനുബന്ധം IIA കാണുക.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ട്രിവാൻട്രം സ്പിന്നിംഗ് മിൽസ്, കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്, കേരള സിറാമിക്സിന്റെ പോഴ്സലൈൻ ഡിവിഷൻ, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ ഒരു യൂണിറ്റായ മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്, കേരള കൺസ്ട്രക്ഷൻ കമ്പോണന്റ്സ് എന്നിവയിലെ ജീവനക്കാർക്ക് വി. ആർ. എസ്. നൽകിയശേഷം അടച്ചുപൂട്ടാൻ തീരുമാനിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് ഗ്യാരണ്ടി

9 [3414] ശ്രീ. പി. ടി. തോമസ്:
„ വി. ജെ. പൗലോസ്:
„ ടി. വി. ചന്ദ്രമോഹൻ:
„ എം. എ. ചന്ദ്രശേഖരൻ:
„ വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങൾക്കു വേണ്ടി ഗവൺമെന്റ് എത്ര കോടി രൂപയ്ക്കുള്ള ഗ്യാരണ്ടി നിന്നിട്ടുണ്ട്;

(ബി) ഇതിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഗ്യാരണ്ടിയുടെ പേരിലെടുത്ത വായ്പ കുടിശ്ശികയാക്കിയിട്ടുണ്ടെന്നും എന്തുതുക എന്നും വ്യക്തമാക്കാമോ;

(സി) ഈ ഗ്യാരണ്ടി കമ്മീഷൻ കൃത്യമായി അടയ്ക്കുന്നുണ്ടോ;

(ഡി) ഇല്ലാത്തപക്ഷം ഗ്യാരണ്ടി കമ്മീഷനിൽ എത്ര തുകയുടെ കുടിശ്ശിക വരുത്തിയിട്ടുണ്ട്?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനങ്ങൾക്കായി സർക്കാർ 2003-ാം ആണ്ട് വരെ 3456.44 കോടി രൂപയ്ക്കുള്ള ഗ്യാരണ്ടി നിന്നിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഇല്ല. ചില സ്ഥാപനങ്ങൾ മാത്രമേ കൃത്യമായി ഗ്യാരണ്ടി കമ്മീഷൻ അടയ്ക്കുന്നുള്ളൂ.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

പൊതുമേഖലാ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനച്ചെലവ് കുറയ്ക്കാനും വിപണനം മെച്ചപ്പെടുത്താനും പഠനം

10 [3415] ശ്രീ. ടി. വി. ചന്ദ്രമോഹൻ:
„ തിരുവഞ്ചൂർ രാധാകൃഷ്ണൻ:
„ എം. കെ. പോൾസൺ മാസ്റ്റർ:
„ എം. എ. ചന്ദ്രശേഖരൻ:
പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly